DESPATCHED
On..12/6/22..



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 280(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 5097/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2022 ജൂൺ 8

ശ്രീ. ജോഷി ചാക്കോ,
ഉറുമ്പിൽ വീട്,
മുള്ളരിങ്ങാട് പി.ഒ.,
പിൻ – 685 607.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്,
വണ്ണപ്പുറം – 685 607.

2) അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്,
തൊടുപുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 15/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 24/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 12/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 25/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 07/06/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി – ആഡിയോ ഹാജരായി |

## ഉത്തരവ്

ശ്രീ. ജോഷി ചാക്കോ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. കാലതാമസം വരുത്തി 5/- രൂപയുടെ പോസ്റ്റ് കാർഡിലാണ് മറുപടി നൽകിയിട്ടുള്ളതെന്നും തുടർന്ന് സമർപ്പിച്ച അപ്പീൽ അപേക്ഷ ടിയാനെ നേരിൽ കേൾക്കാതെയും എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് തേടാതെയും നിയമം അനുശാസിക്കുന്ന രീതിയിലുമല്ല തീർപ്പാക്കിയതെന്നും ആയതിനാൽ ടിയാൻ

ആവശ്യപ്പെട്ട വണ്ണപ്പുറം വില്ലേജിലെ ബ്ലോക്ക് നമ്പർ 99-ൽ 61/25/4 എന്ന സർവ്വെ നമ്പറിന്റെ തണ്ടപ്പേർ പേജ് ആയ 9130 എന്നതും 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ രേഖകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തി സൗജന്യമായി നൽകണമെന്നും, കാലതാമസം വരുത്തി മറുപടി നൽകിയതിനാൽ ടിയാനിൽ നിന്നും പകർപ്പ് ഫീസായി ഈടാക്കിയ 100/- രൂപ തിരികെ നൽകി രണ്ടാം എതിർകക്ഷിയ്ക്കെതിരെ പിഴ ശിക്ഷയും വകുപ്പുതല നടപടിയും സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 15.11.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, വണ്ണപ്പുറം വില്ലേജിലെ 9130 നമ്പർ തണ്ടപ്പേർ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.12.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വട്ടക്കാവിൽ കുര്യാക്കോസ് മകൾ ശ്രീമതി സിസി പേരിൽ കരം അടച്ചു വരുന്ന സർവ്വെ 61/1സി-25-4-ൽ ഉൾപ്പെട്ട 40.47 ആർ വസ്തുവിന്റെ തണ്ടപ്പേർ പകർപ്പിന് 100/- രൂപ അടയ്ക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 24.1.2022 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ആവശ്യപ്പെട്ട ഫീസ് ഒടുക്കിയിട്ടും ടിയാൻ ആവശ്യപ്പെട്ട തണ്ടപ്പേർ പേജിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ വില്ലേജ് ഓഫീസർക്കെതിരെ പിഴ ഈടാക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട 9130 എന്ന തണ്ടപ്പേർ പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 15.2.2022 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കുള്ള മറുപടി ടി കാലയളവിനുള്ളിൽ നൽകിയിട്ടുണ്ടെങ്കിൽ ടി വിവരവും, നൽകിയിട്ടില്ലാത്ത പക്ഷം 10 ദിവസത്തിനുള്ളിൽ മറുപടി നൽകി വിവരം ടി കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 19.4.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വണ്ണപ്പുറം വില്ലേജിലെ 9130 തണ്ടപ്പേർ പേജിന്റെ പകർപ്പാണ് വിവരാവകാശ നിയമപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും 7.1.2022-ന് മാത്രമാണ് മറുപടി നൽകിയതെന്നും 8.1.2022-ന് പകർപ്പിനായി 100/- രൂപ ഇ-ചെലാൻ ആയി ഫീസൊടുക്കിയെങ്കിലും അപ്പീൽ അപേക്ഷ സമർപ്പിച്ച 24.1.2022 വരെ ആവശ്യപ്പെട്ട തണ്ടപ്പേർ പകർപ്പ് ലഭ്യമായിട്ടില്ല എന്നാക്ഷേപം ഉന്നയിച്ചാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും വണ്ണപ്പുറം വില്ലേജ് ആഫീസർ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നില്ലെന്നും, തെറ്റായ മറുപടി നൽകുന്നു എന്നുമുള്ള ആക്ഷേപം വ്യാപകമായി

നിലനിൽക്കുന്നതിനാൽ അപേക്ഷകന്റെ അപ്പീൽ അപേക്ഷ ഉടൻ പരിഗണിച്ച് ആവശ്യപ്പെട്ട തണ്ടപ്പേർ പകർപ്പ് വില്ലേജ് ആഫീസിൽ ലഭ്യമാണെന്ന് ഫോണിൽ വില്ലേജ് ആഫീസറുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തിയിട്ടുള്ളതാണെന്നും അപേക്ഷകന് 30 ദിവസത്തിനുള്ളിൽ മറുപടി നൽകിയതിന്റെയും, പകർപ്പ് ഫീസ് അടച്ചയുടൻ പകർപ്പ് നൽകിയതിന്റെയും രേഖകൾ ടി കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്ന് ഫോണിൽ നിർദ്ദേശം നൽകിയതിനുശേഷം ഹർജിക്കാരന് 15.2.2022-ന് മറുപടി നൽകിയും, വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയും അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 20.4.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വണ്ണപ്പുറം വില്ലേജിലെ 9130-ാം നമ്പർ തണ്ടപ്പേരിന്റെ പകർപ്പിനുവേണ്ടി ശ്രീ. ജോഷി ചാക്കോ 15.11.2021-ന് സമർപ്പിച്ച അപേക്ഷ 20.11.2021-ന് ടി ഓഫീസിൽ കൈപ്പറ്റിയിട്ടുള്ളതും ആയതിന് 18.12.2021-ന് മറുപടി നൽകിയിട്ടുള്ളതുമാണെന്നും തണ്ടപ്പേർ പകർപ്പിന് 100/- രൂപ ഫീസ് ഒടുക്കുന്ന മുറയ്ക്ക് ടി പകർപ്പ് അനുവദിക്കുന്നതാണെന്നും ആയതുപ്രകാരം കക്ഷി 3.1.2022-ൽ ടി തുക അടച്ചിട്ടുള്ളതും തണ്ടപ്പേർ പകർപ്പ് 15.1.2022-ന് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ടി വിവരം താലൂക്ക് ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 20.11.2021-ന് ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ ലഭിച്ച ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട തണ്ടപ്പേർ പകർപ്പിന് 100/- രൂപ ഒടുക്കുവാൻ 18.12.2021-നാണ് സാധാ പോസ്റ്റ് കാർഡിൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. മാത്രമല്ല ടി മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി, പി.ഐ.യുടെ പേര്, ഫോൺ നമ്പർ തുടങ്ങിയ 30.3.2016-ലെ 69503/സിഡിഎൻ.5/2015/ജിഎഡി നമ്പർ സർക്കുലറിൽ പ്രതിപാദിക്കും പ്രകാരമുള്ള യാതൊരു വിവരവും രേഖപ്പെടുത്താതെയാണ് മറുപടി നൽകിയിട്ടുള്ളത്. 15.2.2022-ന് രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ 10 ദിവസത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകാൻ നിർദ്ദേശിച്ചുവെങ്കിലും ടി നിർദ്ദേശവും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ഇ.പി. ജോർജ്ജ് പാലിച്ചതായും കാണുന്നില്ല. ആയതിനാൽ ഇത്തരത്തിൽ വളരെ ലാഘവത്തോടെ വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്ത് മറുപടി നൽകിയത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെയും മേൽ പരാമർശിച്ച സർക്കുലറിന്റെയും ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ഇ.പി. ജോർജ്ജിനെതിരെ

വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 30.6.2022–നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട തണ്ടപ്പേർ രജിസ്റ്ററിലെ 9130 എന്ന പേജിന്റെ പകർപ്പ് നാളിതുവരെ ഹർജിക്കാരന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല എന്ന് കാണുന്നതിനാൽ ടി രേഖകളുടെ പകർപ്പ് 15.6.2022–നകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 8–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

KERALA THIRUVANANTHAPURAM * STATE INFORMATION COMMISSION *

us